75652/2022/FC DES

Azadi Ka Amrit Mahotsav

**കണ്ണൂർ ജില്ലാ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**
(ഹാജർ : പ്രേമരാജൻ ഇ.വി)

വിഷയം : കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തിരുന്ന സജ്ന വൈ. യെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് -ഉത്തരവാകുന്നു

പരാമർശം : 1) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 31/10/2016 ലെ ഇഎ(3)24447/2016/ഡിഇഎസ് നമ്പർ ഉത്തരവ്

2) ശ്രീമതി. സജ്ന വൈ -യുടെ 12/10/2021-ലെ അപേക്ഷ

3) 05/11/2020-ലെ സ.ഉ (അ) നം. 152/2020/ധന ഉത്തരവ്

4) 30/12/2020-ലെ 83/2020/ധന നമ്പർ സർക്കാർ പരിപത്രം

5) തലശ്ശേരി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ 03/11/2021-ലെ 443/2021/ടിഎസ്ഒടി നമ്പർ കത്ത്

6) ഈ ഓഫീസിലെ 19/11/2021-ലെ ഇതേ നമ്പർ കത്ത്.

7) ഈ ഓഫീസിലെ 11/02/2022-ലെ ഇതേ നമ്പർ കത്ത്

8) ഈ ഓഫീസിൽ നിന്നുള്ള 01/06/2022-ലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നമ്പർ ഇബി (1) 2909/2021/ഡി.ഒ.സി, തീയതി: 22/08/2022**

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. സജ്ന വൈ. പരാമർശം(1)-ന്റെ അടിസ്ഥാനത്തിൽ 15/11/2016 മുതൽ 5 വർഷത്തേക്ക് കെഎസ്ആർ പാർട്ട് 1 അനുബന്ധം XII C പ്രകാരമുള്ള ശൂന്യവേതനാവധിയിൽ ആയിരുന്നു.

പ്രസ്തുത അവധിക്ക് തുടർച്ചയായി 15/11/2021 മുതൽ 5 വർഷത്തേക്ക്കൂടി മേൽപ്പറഞ്ഞ തരത്തിലുള്ള ശൂന്യവേതനാവധി അനുവദിക്കണമെന്ന് പരാമർശം(2) പ്രകാരം ശ്രീമതി. സജ്ന വൈ. അപേക്ഷിക്കുകയും, പരാമർശം (3), (4) എന്നിവയുടെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷ നിരസിക്കുകയും, ടിയാളോട് 15/11/2021 ന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് പരാമർശം(5) പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

എന്നാൽ ശ്രീമതി. സജിന വൈ. 15/11/2021 ന് ജോലിക്ക് ഹാജരാവുകയോ, ഹാജരാകുന്നതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുള്ളതായി അറിയിക്കുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ അടിയന്തിരമായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് പരാമർശം(6) പ്രകാരം മറ്റൊരു കത്തു കൂടി ടിയാൾക്ക് നൽകിയിരുന്നുവെങ്കിലും ആയതിനും മറുപടി ലഭ്യമാക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ 15/11/2021 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് കെഎസ്ആർ പാർട്ട് 1 അനുബന്ധം XII C ചട്ടം 10 പ്രകാരം ശ്രീമതി. സജ്ന വൈ-യുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയായി കണക്കാക്കുകയും, ടിയാൾക്ക് കുറ്റാരോപണ മെമ്മോ

രജിസ്റ്റേഡ് തപാൽ ആയി പരാമർശം(7) പ്രകാരം അയച്ചിട്ടുള്ളതുമാണ്. എന്നാൽ ടിയാൾ ഇന്ത്യക്ക് പുറത്താണെന്ന തപാൽ വകുപ്പിന്റെ റിമാർക്സോടുകൂടി പ്രസ്തുത തപാൽ തിരികെ വന്ന സാഹചര്യത്തിൽ കുറ്റാരോപണ മെമ്മോ സംബന്ധിച്ച അറിയിപ്പ് 24/03/2022 ലെ സിറാജ് ദിനപത്രത്തിലും, 09/04/2022 ലെ ദേശാഭിമാനി, മാതൃഭൂമി എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

മേൽ പറഞ്ഞ നടപടികൾക്ക് ശേഷവും ശ്രീമതി. സജ്ന വൈ. ജോലിക്ക് ഹാജരാവുകയോ, ഏതെങ്കിലും തരത്തിലുള്ള വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാളെ സർവ്വീസിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്യുവാൻ തീരുമാനിച്ച്കൊണ്ട് പരാമർശം (8) പ്രകാരം നോട്ടീസ് വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, ആയത് ഈ ഓഫീസിൽ ലഭ്യമായ ടിയാളുടെ പ്രാദേശിക വിലാസത്തിൽ രജിസ്റ്റേർഡ് തപാലായി അയച്ചുനൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത നോട്ടീസ് കൈപ്പറ്റാതെ തിരികെ ലഭിക്കുകയാണ് ഉണ്ടായത്.

മേൽ സാഹചര്യത്തിൽ ശ്രീമതി. സജിന വൈ -യെ സർവ്വീസിൽ നിന്നും താത്കാലികമായി നീക്കം ചെയ്തതായുള്ള വിവരം ടിയാളുടെ ശ്രദ്ധയിൽ പെടുത്തുന്നതിലേക്കായി 09/07/2022 ലെ ദേശാഭിമാനി പത്രത്തിലും, 10/07/2022 ലെ മാതൃഭൂമി പത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

പ്രസ്തുത പരസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസം കഴിഞ്ഞിട്ടും ശ്രീമതി. സജ്ന വൈ. മതിയായ വിശദീകരണം സഹിതം ജോലിക്ക് ഹാജരായിട്ടില്ല.

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ശ്രീമതി. സജ്ന വൈ.-യെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും, കെഎസ്ആർ പാർട്ട് 1 അനുബന്ധം XII C ചട്ടം 10 പ്രകാരവും സർവ്വീസിൽ നിന്നും താത്കാലികമായി നീക്കം ചെയ്തുകൊണ്ടുള്ള തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ 15/11/2021 പൂർവാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീമതി. സജ്ന വൈ.

പകർപ്പ്: 1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ജില്ലാ ഓഫീസർ, പി എസ് സി ഓഫീസ്, കണ്ണൂർ (ഉപരിപത്ര സഹിതം)
3. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, തലശ്ശേരി
4. ബില്ല്
5. കരുതൽ ശേഖരം